DESPATCHED
On 19/06/2020
20/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2254*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15910**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.മുഹമ്മദ് അഫ്സൽ,
അൽ അഫ്സ്,
റ്റി.സി.52/180(4), പഴയകാരയ്ക്കാമണ്ഡപം,
നേമം പി.ഒ., തിരുവനന്തപുരം.** — **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അസിസ്റ്റന്റ് എഞ്ചിനീയർ,
തിരുവനന്തപുരം വികസന അതോറിറ്റി,
ജയമാൻഷൻ, വഴുതയ്ക്കാട്,
ശാസ്തമംഗലം പി.ഒ., തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
സെക്രട്ടറി,
തിരുവനന്തപുരം വികസന അതോറിറ്റി,
ജയമാൻഷൻ, വഴുതയ്ക്കാട്,
ശാസ്തമംഗലം പി.ഒ., തിരുവനന്തപുരം.

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06.07.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18.07.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06.08.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 21.08.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 01.10.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 04.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14.01.2020 **കമ്മീഷൻ** ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | അഡ്വ.ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.മുഹമ്മദ് അഫ്സൽ, 01.10.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 04.10.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2254(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിൽ 1 മുതൽ 3 വരെയുള്ള ചോദ്യങ്ങൾക്കുള്ള മറുപടി തൃപ്തികരമല്ലെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും ആകയാൽ കമ്മീഷൻ ഇടപെട്ട് 1 മുതൽ 3വരെയുള്ള ചോദ്യങ്ങൾക്ക് കൃത്യവും വ്യക്തവുമായ മറുപടി ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 06.07.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, തിരുവനന്തപുരം വികസന അതോറിറ്റി രൂപീകരിച്ചതു മുതൽ നാളിതുവരെ നടത്തിയ പ്രമോഷനുകൾ സർവ്വീസ് നിയമം അനുശാസിക്കുന്ന അനുപാതം അനുസരിച്ചായിരുന്നോയെന്നും സർവ്വീസ് നിയമം അനുശാസിക്കുന്ന പ്രകാരം അനുപാതം പരിഗണിച്ച് തിരുവനന്തപുരം വികസന അതോറിറ്റിയിൽ ഇനി പ്രമോഷൻ നൽകുന്നതിനു മുമ്പ് എത്ര പേരെ പി.എസ്.സി വഴി നിയമിക്കേണ്ടിവരുമെന്നും തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 18.07.2019ന് നൽകിയ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 21.08.2019ന് മറുപടി നൽകിയതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെയും ഹർജിക്കാരന്റെ പ്രതിനിധിയെയും നേരിൽ കേട്ടതിലും 3 ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമായിട്ടില്ലെന്ന് ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ട്രിഡയിലെ നിയമനങ്ങൾ പി.എസ്.സി.യെ അറിയിക്കണോ വേണ്ടയോ എന്ന് നാളിതുവരെ തീരുമാനമായിട്ടില്ലെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. പോസ്റ്റുകൾ ക്രമീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണയിലാണെന്നും എത്ര തസ്തികകൾ ഉൾപ്പെടുത്തണമെന്ന് തീരുമാനമായിട്ടില്ലെന്നും സർക്കാരിന്റെ പരിഗണനയിരിക്കുന്ന വിഷയ

മായതിനാലാണ് അത്തരത്തിലൊരു മറുപടി നൽകിയതെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ട തിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 20-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)